**പത്രക്കുറിപ്പ്**
**22-5-2017**

## കുടുംബശ്രീ മാതൃകയിൽ തങ്ങളുടെ രാജ്യത്തും സൂക്ഷ്മ സംരംഭ യൂണിറ്റുകൾ ആരംഭിക്കുമെന്ന് വിദേശ പഠനസംഘം

### അന്താരാഷ്ട്ര പരിശീലന പരിപാടിയുടെ സമാപനം ഇന്ന് (23 ബുധൻ) മാസ്ക്കറ്റ് ഹോട്ടലിൽ

തിരുവനന്തപുരം: 'ഗ്രാമീണ മേഖലയിലെ വനിതകളുടെ സംരംഭകത്വ വികസനം' എന്ന വിഷയത്തെ ആസ്പദമാക്കി 23 അംഗ വിദേശ പ്രതിനിധികൾക്കായി കുടുംബശ്രീയും 'മാനേജും' സംയുക്തമായി കോവളം സമുദ്രയിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര പരിശീലന പരിപാടി ഇന്ന് (23-ബുധൻ) സമാപിക്കും. മാസ്ക്കറ്റ് ഹോട്ടലിൽ 12.30ന് സംഘടിപ്പിക്കുന്ന സമാപന പരിപാടിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ പ്രതിനിധി സംഘവുമായി സംവദിക്കും. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ മുഖ്യ പ്രഭാഷണം നടത്തും.

തങ്ങളുടെ രാജ്യത്തും കുടുംബശ്രീ മാതൃകയിൽ കാർഷിക സൂക്ഷ്മസംരംഭ മേഖലയിലെ പ്രവർത്തനങ്ങൾ ഊർജിതമാക്കുമെന്ന് രണ്ടാഴ്ച നീണ്ട അന്താരാഷ്ട്ര പരിശീലന പരിപാടിയിൽ പങ്കെടുത്ത വിദേശ പഠന സംഘം പറഞ്ഞു. സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നടപ്പാക്കിവരുന്ന വിവിധയിനം കൃഷികൾ, സൂക്ഷ്മസംരംഭങ്ങൾ, കുടുംബശ്രീയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായുള്ള സംയോജിത പ്രവർത്തനങ്ങൾ എന്നിവ നേരിൽ സന്ദർശിച്ച് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിലായിരുന്നു പഠനസംഘം ഇപ്രകാരം അഭിപ്രായപ്പെട്ടത്. കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ താഴെ തട്ടിലുള്ള സ്ത്രീകൾക്ക് കൈവന്ന സാമൂഹ്യ സാമ്പത്തിക പുരോഗതി അഭിനന്ദനീയവും അതിശയകരവുമാണെന്നും ദാരിദ്ര്യ നിർമാർജന സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ തുടങ്ങുന്നതിന് കുടുംബശ്രീക്കു സമാനമായ സാമൂഹ്യ സംഘടനാധിഷ്ഠിത സംവിധാനം തങ്ങളുടെ രാജ്യത്തും തുടങ്ങുമെന്നും പഠനസംഘം വ്യക്തമാക്കി. അതിനായി കേരള സർക്കാരുമായി യോജിച്ചു പ്രവർത്തിക്കാൻ തങ്ങൾക്കു താൽപര്യമുണ്ടെന്നും പ്രിതിനിധി സംഘം വ്യക്തമാക്കി.

ഈ മാസം ഒമ്പതിനാണ് സംഘം കേരളത്തിലെത്തിയത്. ലൈബീരിയ, ഉഗാണ്ട, മംഗോളിയ, മലാവി, കെനിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമുള്ള ഉന്നതതല ഉദ്യോഗസ്ഥരായിരുന്നു പഠന സംഘത്തിലെ അംഗങ്ങൾ. പരിശീലന പരിപാടിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ കലഞ്ഞൂർ പഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ അയൽക്കൂട്ടങ്ങൾ, പന്തളത്തെ അമൃതം ന്യൂട്രിമിക്സ് യൂണിറ്റ്, പള്ളിച്ചലിലെ ബഡ്സ് സ്കൂൾ, മലയാലപ്പുഴയിലെ കഫേ കുടുംബശ്രീ, അമിനിറ്റി സെന്റർ, ഇരവിപേരൂരിലെ കാർഷിക സംരംഭം എന്നിവയും സംഘം സന്ദർശിച്ച് അയൽക്കൂട്ട അംഗങ്ങളുമായി ആശയവിനിമയം നടത്തി. കൂടാതെ ശ്രദ്ധേയമായ വിജയം കൈവരിച്ച അയൽക്കൂട്ട വനിതകളെ നേരിൽ കണ്ട് സംവദിക്കുകയും അവരുടെ വിജയാനുഭവ കഥകൾ മനസിലാക്കുകയും ചെയ്തു.

കഴിഞ്ഞ വർഷം തൃശൂർ കിലയിൽ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള 28 അംഗ സംഘത്തിന് കുടുംബശ്രീ പരിശീലനം നൽകിയിരുന്നു. ഇതേ തുടർന്ന് ഉഗാണ്ടയിൽ കുടുംബശ്രീ മാതൃക പ്രാവർത്തികമാക്കുന്നതിന്റെ മുന്നോടിയായി കുടുംബശ്രീക്ക് അവിടേക്ക് ക്ഷണം ലഭിക്കുകയും കുടുംബശ്രീയിൽ നിന്നുമുള്ള

പ്രതിനിധികൾ അവിടുത്തെ ഉന്നതതല ഉദ്യോഗസ്ഥർക്കും ഗ്രാമീണ വനിതകൾക്കും പരിശീലനം നൽകുകയും ചെയ്തിരുന്നു. വിദേശ രാജ്യങ്ങളിൽ നിന്നുള്ള നൂറിലധികം പ്രതിനിധികൾ ഇതിനകം കുടുംബശ്രീ സന്ദർശിച്ചിട്ടുണ്ട്. ഉഗാണ്ടയിൽ കുടുംബശ്രീ മാതൃകയിൽ നടപ്പാക്കി വരുന്ന സൂക്ഷ്മസംരംഭ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പുതിയവ ആരംഭിക്കുന്നതിന്റെയും ഭാഗമായി കുടുംബശ്രീയെ ഉഗാണ്ടയിലേക്ക് വീണ്ടും ക്ഷണിച്ചിട്ടുണ്ട്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

പ്രത്യേക ശ്രദ്ധയ്ക്ക്: ഈ പരിപാടി റിപ്പോർട്ട് ചെയ്യുന്നതിന് താങ്കളുടെ സ്ഥാപനത്തിൽ നിന്നും പ്രതിനിധി/ പ്രതിനിധികളെയോ അയച്ച് പരമാവധി മീഡിയാ കവറേജ് നൽകണമെന്ന് താൽപര്യപ്പെടുന്നു